17-12-2022

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : PADMAM S.** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/12/2022.

1. കോഴിക്കോട്, വേങ്ങേരി നഗര കാർഷിക വിപണന കേന്ദ്രത്തിൽ **ഡിസംബർ 22 മുതൽ 31** വരെ **വേങ്ങേരി അഗ്രിഫെസ്റ്റ്** എന്ന പേരിൽ വ്യാപാര ഉത്സവം സംഘടിപ്പിക്കുന്നു. കാർഷിക, കാർഷികേതര വിപണനവും, പ്രദർശനവും, നാട്ടുചന്തകൾ, കാർഷിക സെമിനാറുകൾ, പുഷ്പഫല പ്രദർശനം, കന്നുകാലി പ്രദർശനം തുടങ്ങിയവ വിപണന കേന്ദ്രത്തിൽ ഉണ്ടായിരിക്കുന്നതാണ്.

2. കൊല്ലം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/ സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പ് പുരസ്കാരം നൽകുന്നു. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങളും സഹിതം ഡിസംബർ 24 നകം കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം പരിഗണിക്കുന്നതല്ല. അപേക്ഷ ഫോറം ഗവ. മൃഗാശുപത്രികളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശ സഹിതം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് **0474 2795076** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. റബ്ബർബോർഡ് നടപ്പിലാക്കി വരുന്ന വിവിധ തൊഴിലാളി ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ സ്വന്തം റബ്ബർത്തോട്ടങ്ങളിൽ സ്വയം ടാപ്പുചെയ്യുന്ന ചെറുകിടകർഷകർക്കുകൂടി ലഭ്യമാകും. സ്വന്തം പേരിലോ കൂട്ടുടമസ്ഥതയിലോ ജീവിതപങ്കാളിയുടെ പേരിലോ ഒരു ഹെക്ടറിൽ കൂടാതെ വിസ്തൃതിയുള്ളതും റെയിൻഗാർഡുചെയ്തതുമായ റബ്ബർതോട്ടങ്ങളിൽ ഒരു വർഷമായി കുറഞ്ഞത് 100 റബ്ബർ മരങ്ങളെങ്കിലും സ്വയം ടാപ്പുചെയ്തുവരുന്ന കർഷകർക്കാണ് ഈ ആനുകൂല്യം ലഭിക്കുക. കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യങ്ങൾ; ചികിത്സാധനസഹായം, പുതിയ ഭവനനിർമ്മാണത്തിനുള്ള ധനസഹായം, ഇൻഷ്വറൻസ് പദ്ധതി, വനിതാടാപ്പർമാർക്കുള്ള വിവാഹധനസഹായം, പ്രസവാനുകൂല്യം തുടങ്ങി റബ്ബർബോർഡ് നടപ്പാക്കിവരുന്ന തൊഴിലാളി ക്ഷേമപദ്ധതികളിലേക്കെല്ലാം സ്വന്തം തോട്ടങ്ങളിൽ സ്വയം ടാപ്പുചെയ്യുന്ന ചെറുകിടകർഷകർക്കും അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളുമായോ കേന്ദ്ര ഓഫീസിലെ ലേബർ വെൽഫെയർ ഡിവിഷനുമായോ **0481 2301231–336** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


4. കുടപ്പനക്കുന്ന് സർക്കാർ കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയത്ത് **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

### പരിശീലന പരിപാടികൾ

5. വേങ്ങേരി അഗ്രിഫെസ്റ്റിനോടനുബന്ധിച്ച് വേങ്ങേരി കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ വെച്ച് **കൂൺകൃഷി, ഉപഭോക്തൃ ബോധവത്ക്കരണം, മത്സ്യകൃഷി,അടുക്കളത്തോട്ട നിർമ്മാണം, കിഴങ്ങ് വർഗ്ഗ സംസ്ക്കരണം, തേനീച്ച കൃഷി, ചക്കയുടെ സംസ്ക്കരണം** തുടങ്ങിയ വിഷയങ്ങളിൽ **ഡിസംബർ 23 മുതൽ 30 വരെ** ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ള കർഷകർ **9846197067** എന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ഡിസംബർ 20-ന് എരുമവളർത്തൽ, 22-ന് താറാവ് വളർത്തൽ, 28-ന് നായ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9188522708** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. ആലപ്പുഴ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് ഡിസംബർ 19, 20 തീയതികളിൽ **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.30 മുതൽ 3 മണി വരെ **0479 2457778** എന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

### കാർഷിക നിർദ്ദേശങ്ങൾ

8. പച്ചക്കറി വിളകളുടെ ഇലയുടെ അടിയിലായി കൂട്ടം കൂടിയിരുന്നു നീരൂറ്റി കുടിക്കുന്ന മീലി മുട്ടയുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി ആദ്യം സോപ്പ് വെള്ളം തളിച്ച ശേഷം ഏതെങ്കിലും വേപ്പധിഷ്ഠിത കീടനാശികൾ ആദ്യം തളിക്കുകയോ അല്ലെങ്കിൽ രാസ കീടനാശിനികളായ റോഗർ (1.5 മില്ലി/10 ലിറ്റർ വെള്ളം) ഇമിടാക്ലോപ്രിഡ് (3 മില്ലി / 10 ലിറ്റർ വെള്ളം) അക്താറ (2 ഗ്രാം / 10 ലിറ്റർ വെള്ളം) ഇവയിലേതെങ്കിലും ഇലകളുടെ അടിയിലായി വെയിൽ താഴ്ന്നു നിൽക്കുന്ന സമയങ്ങളിൽ തളിച്ച് നിയന്ത്രിക്കാവുന്നതാണ്.